23-04-2025

## പത്രക്കുറിപ്പ്

### ഹരിതകേരളം മിഷൻ ജൈവവൈവിധ്യ പഠനോത്സവം, ബ്ലോക്ക് തല ക്വിസ് മത്സരം നാളെ (ഏപ്രിൽ 25 ന്)

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ജൈവവൈവിധ്യ പഠനോത്സവത്തിന്റെ ഭാഗമായുള്ള ബ്ലോക്ക് തല ക്വിസ് മത്സരം നാളെ (ഏപ്രിൽ 25) നടക്കും.സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിലായി ഒൻപതിനായിരത്തിലധികം വിദ്യാർത്ഥികൾ പങ്കെടുക്കും. ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഹരിതകേരളം മിഷൻ യു.എൻ.ഡി.പി.പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ കമ്യൂണിറ്റിതല പരിപാടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന പഠനോത്സവത്തിൽ പങ്കെടുക്കുന്നതിനായുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായാണ് ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. ബ്ലോക്ക് തലത്തിൽ നിന്നുള്ള വിജയികൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൽ പങ്കെടുക്കും. ജൈവവൈവിധ്യത്തെക്കുറിച്ചും അതിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമുള്ള അവബോധം കുട്ടികളിലെത്തിക്കാൻ ലക്ഷ്യമിട്ടാണ് ലോക ജൈവവൈവിധ്യ ദിനത്തോടനുബന്ധിച്ച് പഠനോത്സവവും ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുള്ളത്. ഏപ്രിൽ 29 നാണ് ജില്ലാതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിലെ വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മേയ് 16,17,18 തീയതികളിലായി അടിമാലിയിലും മൂന്നാറിലുമായാണ് പഠനോത്സവ ക്യാമ്പ് നടക്കുന്നത്. 7,8,9 ക്ലാസുകളിലേ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ മുൻനിർത്തിയാണ് ക്വിസ് മത്സരം. പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് നൽകും. കൂടാതെ വിജയികൾക്ക് പ്രത്യേകം സർട്ടിഫിക്കറ്റും നൽകും. ബ്ലോക്ക് - ജില്ലാതലത്തിൽ നടക്കുന്ന ക്വിസ് പരിപാടിയിൽ വിദ്യാകിരണം മിഷന്റെ സഹകരണം ഉണ്ടാകും. അടിമാലിയിലെ നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്തുകളും അതിലെ ജൈവവൈവിധ്യവും പഠന ക്യാമ്പിന്റെ പ്രധാന ഘടകമായിരിക്കും. ജൈവവൈവിധ്യവും അവയുടെ സംരക്ഷണത്തിന്റെ പ്രാധാന്യവും മുൻനിർത്തിയാണ് അവധിക്കാലത്ത് ജൈവവൈവിധ്യ പഠനോത്സവ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഇത് രണ്ടാം തവണയാണ് പഠനോത്സവക്യാമ്പ് സംഘടിപ്പിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടാവുന്ന ഫോൺ നമ്പർ **9496100303, 9539123878**

പബ്ലിക് റിലേഷൻസ് ഓഫീസർ

**9447587632**